**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039** **04-08-2021 - ൽ മറുപടിയ്ക്ക്**

**എൻടികേഡർ അസിസ്റ്റന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുഭരണ വകുപ്പിൽ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം (കേഡർ സ്ട്രെങ്ങ്ത്) എത്ര; | (എ) | 373 |
| (ബി) | നിലവിൽ പ്രസ്തുത വകുപ്പിലെ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ എത്രപേർ ജോലി ചെയ്യുന്നു; ലീവ്, ഡെപ്യൂട്ടേഷൻ എന്നിവയിലുള്ളവരെക്കുറിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 364 പേർ. 16 പേർ ഡെപ്യൂട്ടേഷനിലും 8 പേർ ശൂന്യവേതനാവധിയിലും ആണ്. |
| (സി) | നിലവിൽ ഈ വകുപ്പിൽ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ കേഡർ സ്ട്രെങ്ങ്ത് പ്രകാരമുള്ള ജീവനക്കാർ ഉണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ; | (സി) | റിട്ടയർമെന്റ് മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ (കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റം, പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതനിയമനം എന്നിവ) കുറച്ച് ബാക്കി ഒഴിവുകൾ യഥാസമയം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുന്നത്. |
| (ഡി) | കേഡർ സ്ട്രെങ്ങ്ത് മാനദണ്ഡമാക്കിയാണോ ഈ വകുപ്പിലെ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ കണക്കാക്കുന്നത്; | (ഡി) | റിട്ടയർമെന്റ് മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ (കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റം, പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതനിയമനം എന്നിവ) കുറച്ച് ബാക്കി ഒഴിവുകൾ യഥാസമയം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മൂലവും മറ്റുമുണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുന്നത്. |
| (ഇ) | പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ ആറു മാസത്തിലധികം കാലാവധിയുള്ള ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ മുഖേന എൻട്രികേഡർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ആണെങ്കിൽ 2019 ഏപ്രിൽ 9-ന ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ? | (ഇ) | ആറ് മാസത്തിലധികം കാലാവധിയുള്ള ലീവ്, പുതിയ ഡെപ്യൂട്ടേഷൻ എന്നിവ മുഖേന ഉണ്ടാകുന്ന എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ പി എസ് സി യിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2019 ഏപ്രിൽ 9 ന ശേഷം അപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ